പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4983      01.07.2013 മറുപടിക്ക്

## ആഭ്യന്തര വകുപ്പിന്റെ കീഴിലെ വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്.സലീഖ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിൻ കീഴിലെ വിവിധ വിഭാഗങ്ങളിലായി എത്ര വാഹനങ്ങൾ ഉണ്ട്; ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (എ) | ആഭ്യന്തരവകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങളിൽ ഉള്ള വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>വകുപ്പ് — വാഹനങ്ങളുടെ എണ്ണം<br>പോലീസ് വകുപ്പ് — 6544<br>ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി — 2<br>ഫയർ & റെസ്ക്യൂ സർവ്വീസസ് — 552<br>ജയിൽ വകുപ്പ് — 137 |
| (ബി) | ഇവയിൽ കാലപ്പഴക്കം ഉള്ളതും ഇപ്പോൾ ഉപയോഗത്തിലില്ലാത്തതുമായ വാഹനങ്ങൾ എത്ര; ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | വിശദാംശങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br>പോലീസ് വകുപ്പ് - 117 എണ്ണം<br>ഫയർ & റെസ്ക്യൂ സർവ്വീസസ് - 54 എണ്ണം |
| (സി) | ഈ സർക്കാർ വന്ന ശേഷം എത്ര വാഹനങ്ങൾ വാങ്ങി; എന്തു തുക ചെലവായി; ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (സി) | വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതിനായി എത്ര ഡ്രൈവർമാർ ആവശ്യമുണ്ട്; ഇപ്പോൾ എത്ര പേർ ഡ്രൈവർമാരായുണ്ട്; | (ഡി) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി — 1 ഡ്രൈവർ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | പോലീസ് വകുപ്പ് | 2165 ഡ്രൈവർമാർ നിലവിലുണ്ട്. |
| | | ഫയർ & റെസ്ക്യൂ സർവ്വീസസ് | 789 തസ്തികകളുണ്ട്. 738 പേർ നിലവിലുണ്ട്. |
| | | ജയിൽ വകുപ്പ് | 39 ഡ്രൈവർമാർ ആവശ്യമുണ്ട്. 2 പേർ നിലവിലുണ്ട്. |
| (ഇ) | ആഭ്യന്തരവകുപ്പിൻ കീഴിൽ പ്രൈവറ്റ് വാഹനങ്ങൾ വാടകയ്ക്ക് എടുക്കാറുണ്ടോ; | (ഇ) | പോലീസ് വകുപ്പിലും ജയിൽ വകുപ്പിലും ചില സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ വാടകക്കെടുക്കാറുണ്ട്. |
| (എഫ്) | എങ്കിൽ ഈ സർക്കാർ വന്ന ശേഷം എന്തു തുക ഇതിനായി ചെലവാക്കി; | (എഫ്) | പോലീസ് വകുപ്പിൽ 20,15,665 (ഇരുപത് ലക്ഷത്തി പതിനയ്യായിരത്തി അറുനൂറ്റി അറുപത്തിയഞ്ച്) രൂപയും ജയിൽ വകുപ്പിൽ 5,27,290 (അഞ്ച് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുനൂറ്റി തൊണ്ണൂറ്) രൂപയും ചെലവാക്കിയിട്ടുണ്ട്. |
| (ജി) | പോലീസ് വകുപ്പ് വാഹനങ്ങൾ, സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ജി) | ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എച്ച്) | ദുരുപയോഗം കണ്ടെത്താൻ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ; എങ്കിൽ എന്ത്; | (എച്ച്) | വാഹനങ്ങളുടെ ലോഗ് ബുക്ക്, വെഹിക്കിൾ ഡയറി എന്നിവ പരിശോധിച്ചും സർക്കാരിന്റെ സാമ്പത്തിക പരിശോധനാവിഭാഗം നടത്തുന്ന പരിശോധനകളിലൂടെയും വാഹന ദുരുപയോഗം കണ്ടെത്താറുണ്ട്. |
| (ഐ) | ഇത്തരം പരിശോധനകളിൽ കണ്ടെത്തിയ ദുരുപയോഗങ്ങളും, എന്തു നടപടികൾ സ്വീകരിച്ചു എന്നും ദുരുപയോഗം ചെയ്തത് ആരെല്ലാം എന്നും വ്യക്തമാക്കുമോ? | (ഐ) | വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം ആഭ്യന്തര വകുപ്പിൽ പുതിയതായി വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ

| വകുപ്പ് | പുതുതായി വാങ്ങിയ വാഹനങ്ങളുടെ എണ്ണം | ചെലവായ തുക |
|---|---|---|
| പോലീസ് വകുപ്പ് | 1043 | 48,77,43,904 രൂപ (നാൽപത്തിയെട്ട് കോടി എഴുപത്തിയേഴുലക്ഷത്തി നാൽപത്തിമൂവായിരത്തി തൊള്ളായിരത്തി നാല് രൂപ) |
| ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി | 1 | 58,540 രൂപ (അമ്പത്തിയെണ്ണായിരത്തി അഞ്ഞൂറ്റി നാൽപ്പത് രൂപ) |
| ഫയർ & റെസ്ക്യു സർവ്വീസസ് | 100 | 8,27,37,798 രൂപ (എട്ടുകോടി ഇരുപത്തിയേഴുലക്ഷത്തി മുപ്പത്തിയേഴായിരത്തി എഴുനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ) |
| ജയിൽ വകുപ്പ് | 1 | 10,32,474 രൂപ (പത്ത് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നാനൂറ്റി എഴുപത്തിനാല് രൂപ) |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

<u>ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്ത ഉദ്യോഗസ്ഥരും അവർക്കെതിരെ സ്വീകരിച്ച നടപടികളും</u>

| ഉദ്യോഗസ്ഥൻ | സ്വീകരിച്ച നടപടി |
|---|---|
| ശ്രീ. മധു (റിട്ട. സൂപ്രണ്ട് ഓഫ് പോലീസ്) | കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട് |
| കടക്കാവൂർ സർക്കിൾ ഇൻസ്പെക്ടർ | നടപടികൾ സ്വീകരിച്ചു വരുന്നു. |
| ശ്രീ. ശശിധരൻ, സൈബർ സെൽ ഇൻസ്പെക്ടർ | 3174 രൂപ (മൂവായിരത്തി ഒരുനൂറ്റി എഴുപത്തിനാല് രൂപ) പിഴയായി ഈടാക്കിയിട്ടുണ്ട്. |
| ശ്രീമതി സിന്ധു, ജോയിന്റ് ഡയറക്ടർ (ജനറൽ), എഫ്.എസ്.എൽ | നടപടികൾ സ്വീകരിച്ചുവരുന്നു. |
| ശ്രീമതി എ. ശാന്തകുമാരി അമ്മ, (റിട്ട. വനിതാ സി.ഐ.), ഡ്രൈവർ (റ്റി 1377) ശ്രീ. എ. തോമസ് എം. | രണ്ടുപേരിൽ നിന്നുമായി 2668 രൂപ (രണ്ടായിരത്തി അറുനൂറ്റി അറുപത്തിയെട്ട് രൂപ) ഈടാക്കിയിട്ടുണ്ട്. |